# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5778** — **25.05.2017-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലൻറ് ഫണ്ട് ചികിത്സാ പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നില്ല. |
| (ബി) | കാരുണ്യ ബെനവലൻറ് ഫണ്ടിൽ നിന്നും സഹായം അനുവദിക്കുന്നതിനായി ഗവൺമെൻറ് സ്പെഷ്യൽ അനുമതി നൽകിയ അപേക്ഷകൾ എത്ര; അനുവദിച്ചത് എത്ര രൂപ; ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; അവയുടെ തുക എത്രയാണ്; തീർപ്പാക്കാനുള്ളവയിൽ നടപടികൾ സ്വീകരിക്കുമോ; ബാക്കിയുള്ള സ്പെഷ്യൽ കേസുകളിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | സ്പെഷ്യൽ സാങ്ഷൻ മുഖേന 1983 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്പെഷ്യൽ അനുമതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ചികിത്സാ ധനസഹായം സംസ്ഥാനതല കമ്മറ്റി തീരുമാനപ്രകാരമാണ് അനുവദിക്കുന്നത്. പാക്കേജ് നിരക്കിലും, ബില്ലുകളുടേയും ചികിത്സാ രേഖകളുടേയും അടിസ്ഥാനത്തിലാണ് തുക അനുവദിക്കാൻ സംസ്ഥാനതല കമ്മറ്റി തീരുമാനമെടുത്തിട്ടുള്ളത്. ആയതിനാൽ തന്നെ, അനുവദിച്ച തുകയുടെ കണക്കുകൾ, അവ വിതരണം ചെയ്ത ശേഷം മാത്രമേ പൂർണ്ണമായി കണക്കാക്കാൻ സാധിക്കുകയുള്ളു. ഇതിൽ 1337 അപേക്ഷകൾ തീർപ്പാക്കാനായി പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ഈ തുകയുടെ കണക്കും പരിശോധന പൂർത്തിയാക്കിയാൽ മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളു. ഈ അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കാനായി കുടുംബശ്രീയിൽ നിന്നും താല്ക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. അവ എത്രയും പെട്ടെന്ന് വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാരുണ്യ ബെനവലൻറ് ഫണ്ടിൽ സർക്കാർ ആശുപത്രികളിൽ നിന്നും ലഭിക്കേണ്ട ഉപയോഗ പത്രവും സാക്ഷ്യപത്രവും ലഭിക്കുന്നുണ്ടോ; ലഭിച്ചവരുടെയും | (സി) | സർക്കാർ ആശുപത്രികളിൽ നിന്നും കാരുണ്യ ബനവലന്റ് ഫണ്ടിലേയ്ക്ക് ലഭിയ്ക്കേണ്ട ഉപയോഗപത്രം നിലവിൽ ഭാഗികമായി ലഭിയ്ക്കുന്നുണ്ട്. ഉപയോഗപത്രങ്ങൾ പൂർണ്ണമായും ലഭിയ്ക്കുന്നതിനായി സത്വര |

| | | | |
|---|---|---|---|
| | ലഭിക്കാനുള്ളവരുടെയും വിവരങ്ങളും ലഭിച്ചവയിൽ അപ്ഡേറ്റ് ചെയ്തവരുടെയും ചെയ്യാത്തവരുടെയും വിവരങ്ങളും ഹോസ്പിറ്റൽ തിരിച്ച് വ്യക്തമാക്കാമോ? | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ ആശുപത്രികളിൽ നിന്നും ലഭിച്ച ഉപയോഗപത്രങ്ങളിൽ 14085 എണ്ണം അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഇനി ആകെ 61,358 ഉപയോഗപത്രങ്ങൾ അപ്ഡേറ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്.<br><br>ഇതിൽ കാരുണ്യ ബനവലന്റ് ഫണ്ടിൽ ലഭിച്ച ഉപയോഗപത്രങ്ങളിൽ അപ്ഡേറ്റ് ചെയ്യാനവശേഷിക്കുന്ന യൂട്ടിലൈസേഷനുകൾ അടിയന്തിരമായി അപ്ഡേറ്റ് ചെയ്യുന്നതിനായി കുടുംബശ്രീയിൽ നിന്നും കൂടുതൽ ജീവനക്കാരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാരുണ്യ ബനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ സ്ഥല പരിമിതിയുള്ളതിനാൽ, പ്രസ്തുത ജോലികൾ നിർവ്വഹിക്കുന്നതിനായി, ഹൗസിംഗ് ബോർഡ് കെട്ടിടത്തിൽ 187 sq ft സ്ഥലം വാടകയ്ക്ക് എടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രസ്തുത ജോലികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**